# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4686** **19.05.2017-ൽ മറുപടിയ്ക്ക്**

**ഷോളയാർ ഗിരിജൻ സൊസൈറ്റിയും മലക്കപ്പാറ ടൂറിസം വികസനവും**

**ചോദ്യം**
ശ്രീ.ബി.ഡി. ദേവസ്സി

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | അതിരപ്പിള്ളി പഞ്ചായത്തിലെ ഷോളയാർ ഗിരിജൻ സൊസൈറ്റിയുടെ ബൈലോ ഭേദഗതിയ്ക്ക് അംഗീകാരം ലഭിക്കാത്തതിനാൽ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൻ കീഴിലുള്ള സൊസൈറ്റിയിലെ ജീവനക്കാർക്ക് ശമ്പളം നൽകാനും കൃഷിയടക്കമുള്ള സംഘത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്താനും കഴിയാത്ത സ്ഥിതിയാണുള്ളതെന്ന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘം പ്രവർത്തിക്കുന്നത് സഹകരണ വകുപ്പിന് കീഴിൽ ആണ്. |
| ബി) | ബൈലോ ഭേദഗതിയ്ക്ക് അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | ബി) | സഹകരണ വകുപ്പിന് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്. |
| സി) | മലക്കപ്പാറ ടൂറിസം മേഖലയിൽ 200 ഏക്കറിലധികം സ്ഥലം സ്വന്തമായുള്ള ഈ സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പ്രസ്തുത | സി) | അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘം നിലവിൽ സഹകരണ വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നതിന്. സഹകരണ വകുപ്പിന്റെ |

| | | | |
|---|---|---|---|
| | സ്ഥലത്ത് ടൂറിസ്റ്റുകൾക്ക് താമസത്തിനും വിശ്രമ സൗകര്യങ്ങളോടു കൂടിയ കോട്ടേജുകളടക്കമുള്ള സംവിധാനങ്ങളും ഏർപ്പെടുത്തി ആദിവാസി മേഖലയിലെ ജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ പാക്കേജുകൾ നടപ്പാക്കുന്നതിനായി സർക്കാർ നടപടി സ്വീകരിക്കുമോ? | | സ്ഥിരം ജീവനക്കാർ ആരും തന്നെ ടി സ്ഥാപനത്തിൽ ജോലി ചെയ്യുന്നില്ല. നിലവിൽ ടി സ്ഥാപനം സുഗമമായ രീതിയിലല്ല പ്രവർത്തിച്ചു വരുന്നത്. കൃഷി സംബന്ധമായ പ്രവർത്തനങ്ങൾക്കു വേണ്ടിയാണ് സ്ഥാപനം രൂപീകരിച്ചിട്ടുള്ളത്. ഇവിടെ ടൂറിസ്റ്റുകൾക്ക് പണിയുന്ന കോട്ടേജ് പോലുള്ള വിശ്രമ കേന്ദ്രം പട്ടികവർഗ്ഗക്കാരുടെ ശാന്തമായ അന്തരീക്ഷത്തിനു തടസം ഉണ്ടാകാത്ത രീതിയിൽ നടപ്പാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ